## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2148 11.06.2018 - ൽ മറുപടിയ്ക്ക്

## അവയവദാനത്തിൽ വാണിജ്യ താല്പര്യങ്ങൾ ഇല്ലാതാക്കാനുള്ള നടപടികൾ

**ചോദ്യം**

ശ്രീ.ബി.ഡി. ദേവസ്സി
ശ്രീ.സി.കെ. ഹരീന്ദ്രൻ
ശ്രീ.കെ. ബാബു
ശ്രീ. കെ.ജെ. മാക്സി :

എ) മറ്റുള്ളവരിൽ നിന്ന് മരണാനന്തരം ദാനമായി ലഭിക്കുന്ന അവയവം ഉപയോഗിച്ച് ആയുസ്സ് നീട്ടിക്കിട്ടുമെന്ന പ്രതീക്ഷയിൽ കഴിയുന്ന രോഗികൾക്ക് അവയുടെ ലഭ്യതക്കുള്ള സാധ്യതയും മാറ്റിവയ്ക്കുന്നതിനുള്ള സൗകര്യവും എത്രയുണ്ടെന്ന് അറിയിക്കാമോ;

**മറുപടി**

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

(എ) മരണാനന്തര അവയവദാനത്തിന് തയ്യാറാകുന്നവർക്ക് സർക്കാരിന്റെ ഏജൻസിയായ കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗിന്റെ '**www.knos.org.in**' എന്ന വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. മസ്തിഷ്ക മരണം സംഭവിച്ച വ്യക്തികളുടെ അവയവ വിന്യാസം നടത്തുന്നത് കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് (KNOS) ആണ്. കേരളത്തിൽ തിരുവനന്തപുരം കോട്ടയം, ആലപ്പുഴ, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ 37 ആശുപത്രികളിൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങൾ ഉണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വൃക്ക, കരൾ എന്നിവയും കോട്ടയം മെഡിക്കൽ കോളേജിൽ വൃക്ക, ഹൃദയം എന്നിവയും ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ വൃക്കയും മാറ്റിവയ്ക്കുന്നതിനുള്ള ശസ്ത്രക്രിയകൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ നിലവിലുണ്ട്.

(ബി) മസ്തിഷ്ക മരണം സംഭവിച്ചവരുടെ അവയവം മറ്റുള്ളവർക്ക് നൽകുകയെന്ന ജീവകാരുണ്യ പ്രവർത്തനങ്ങളെ കച്ചവട താല്പര്യക്കാർ ചൂഷണം ചെയ്യുന്നുവെന്ന സംശയം ജനിപ്പിച്ച സാഹചര്യത്തിൽ അവയവദാനത്തിലുണ്ടായ വിമുഖത മാറ്റുന്നതിന് മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിന് സർക്കാർ പുതുതായി പ്രഖ്യാപിച്ച മാർഗ്ഗരേഖയുടെ വിശദാംശം നൽകാമോ;

(ബി) 03/04/2018 ലെ സ.ഉ(കൈ)നം.53/2018/ആകുവ പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗ രേഖകൾ പ്രകാരം മസ്തിഷ്ക മരണ സ്ഥിരീകരണം 3 ഘട്ടങ്ങളിലായിട്ടാണ് നടത്തുന്നത്. സി.ടി.സ്കാൻ ഉൾപ്പെടെയുള്ള പരിശോധനകൾ നടത്തി മസ്തിഷ്ക മരണം സംഭവിക്കാനുണ്ടായ കാരണത്തിന്റെ ശാസ്ത്രീയ വിശകലനമാണ് ഒന്നാം ഘട്ടത്തിൽ നടത്തുന്നത്. രണ്ടാം ഘട്ടത്തിൽ Brain Stem ന്റെ പ്രവർത്തനം വിലയിരുത്തുന്നതിനാവശ്യമായ വൈദ്യശാസ്ത്ര തത്വങ്ങളിലൂന്നിയ ചില പരിശോധനകളും മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനുള്ള ക്ലിനിക്കൽ പരിശോധനയും നടത്തുന്നു. മൂന്നാം ഘട്ടത്തിൽ മസ്തിഷ്ക മരണം സംഭവിച്ച വ്യക്തി സ്വമേധയാ ശ്വാസോച്ഛ്വാസം സ്വീകരിക്കുന്നുണ്ടോ ഇല്ലയോ എന്ന് തീർച്ചപ്പെടുത്തുന്ന പരിശോധനയാണ് (Apnoea Test) നടത്തുന്നത്. ഇതിൽ രോഗിയും വെന്റിലേറ്ററുമായുള്ള ബന്ധം വിച്ഛേദിച്ച് 7 മുതൽ 10 മിനിറ്റ് സമയം വരെ നിരീക്ഷിച്ച് ഏതെങ്കിലും തരത്തിലുള്ള ചലനങ്ങളോ പ്രതികരണങ്ങളോ ഉണ്ടാവുന്നുണ്ടോ എന്ന് തീർച്ചപ്പെടുത്തുകയും ശ്വാസോച്ഛ്വാസം പൂർണ്ണമായി നിലച്ചുവെന്ന് ബോധ്യമാകുന്ന പരിശോധനയും ഈ ഘട്ടത്തിൽ നടത്തുന്നു.

(സി) മരണാനന്തരമോ ജീവിച്ചിരിക്കുന്നവരുടെയോ അവയവദാനത്തിൽ വാണിജ്യ താല്പര്യങ്ങൾ ഉയർന്നു വരാതിരിക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ?

(സി) മരണാനന്തരമുള്ള അവയവദാനത്തിലെ വാണിജ്യ താല്പര്യങ്ങൾ ഒഴിവാക്കുന്നതിനും മസ്തിഷ്ക മരണ സ്ഥിരീകരണം കൂടുതൽ കുറ്റമറ്റതും സുതാര്യവുമാക്കുന്നതിനും 01.02.2017 ലെ സ.ഉ.(കൈ)നം.16/2017/ആകുവ പ്രകാരവും 03/04/2018 ലെ സ.ഉ(കൈ)നം.53/2018/ആകുവ പ്രകാരവും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവദാനത്തിലെ വാണിജ്യ താല്പര്യങ്ങൾ ഇല്ലാതാക്കുന്നതിനായി 15.02.2018 ലെ സ.ഉ.(കൈ)നം.26/2018/ആകുവ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ